(സി) ടി.എ.യ്ക്കും പി.ടി.എ.യ്ക്കും പി.സി.എ.യ്ക്കും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾക്കും പരിധി ഏർപ്പെടുത്തുവാൻ ആലോചിക്കുന്നുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ഫണ്ട് അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ടി.എ. ക്ലെയിമുകൾക്ക് നിലവിലുള്ള പ്രതിമാസ, ത്രൈമാസ പരിധിക്കുപുറമെ പുതിയ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

14 (3340) ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് 10 ശതമാനം റിസർവേഷൻ

ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ ശമ്പള പരിഷ്കരണത്തോടനുബന്ധിച്ച് എൽ.ഡി. തസ്തികയിലേക്ക് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് 10 ശതമാനം റിസർവേഷൻ നൽകുന്നതായി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഇതിനുള്ള ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ എന്ന് പൂർത്തിയാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ). 1997-ലെ ശമ്പള പരിഷ്കരണ സമിതി ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് എൽ.ഡി. ക്ലാർക്ക്/ടൈപ്പിസ്റ്റ് തസ്തികയിലേക്ക് നിലവിൽ നിർണ്ണയിച്ചിട്ടുള്ള 5% സംവരണ കോട്ട 10%-മായി ഉയർത്തുവാൻ ശുപാർശ ചെയ്തിരുന്നു.

(ബി) ഇല്ല.

(സി) ഈ ശുപാർശ ഇപ്പോൾ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ പരിശോധനയിലാണ്.

15 (3341) കായംകുളം വനിതാ പോളിടെക്നിക്

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം വനിതാ പോളിടെക്നിക് നിലവിൽ വന്നശേഷം നാളിതുവരെ സർക്കാർ ചെലവഴിച്ചിട്ടുള്ള തുക എത്രയാണെന്ന് അറിയിക്കുമോ;

(ബി) ഈ പോളിടെക്നിക്കിന് സ്വന്തമായി സ്ഥലം വാങ്ങി ആവശ്യമായ കെട്ടിട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചിരുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly